ശ്രീ. ലോനപ്പൻ നമ്പാടൻ: പാർട്ട്ടൈം—ഫുൾടൈം ഉൾപ്പെടെ പത്തു മുപ്പത്തു കൊല്ലം സർവ്വീസ് ഉള്ള അദ്ധ്യാപകർ മാർച്ച് 31-ാം തീയതി റിട്ടയർ ചെയ്യുകയാണ്. അവർക്ക് ഏറ്റവും ചുരുങ്ങിയ പെൻഷനെങ്കിലും കൊടുക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: പത്തുവർഷം തികയാതെവന്നാൽ പെൻഷൻ കൊടുക്കാൻ നിവൃത്തിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ഈ ചോദ്യത്തിൽ നിന്നുൽഭവിക്കുന്ന ചോദ്യമല്ല.

സംഗീത അദ്ധ്യാപകർ

* 661 [719] ശ്രീ. സി.എ. കുര്യൻ:
,, ഇ. കെ. പിള്ള:
,, പി. ശങ്കർ:
,, എ.എൻ. യൂസഫ്:
,, എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.ടി. സംഗീതം ഹയർ പാസായി ഹൈസ്ക്കൂളിൽ സംഗീത അദ്ധ്യാപകരായി ജോലി നോക്കുന്നവരെ കാളിഫൈഡ് അദ്ധ്യാപകരായി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ):

(എ) ഇല്ല.

(ബി) കെ.ഇ.ആർ. പ്രകാരം എം.ജി.ടി. സംഗീതം ഹയർ ഹൈസ്ക്കൂളുകളിൽ സംഗീതാദ്ധ്യാപക നിയമനത്തിന് അംഗീകരിക്കപ്പെട്ട യോഗ്യതയല്ല.

ശ്രീ. സി.എ. കുര്യൻ: ആയുസ്സിനും ആരോഗ്യത്തിനും സംഗീതാസ്വാദനം നല്ലതാണെന്ന് ലോകമൊട്ടാകെ അംഗീകരിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ കേരളത്തിലെ പ്രൈമറി സ്ക്കൂളുകളിൽ സംഗീതാദ്ധ്യാപകരെ നിയമിച്ച് ഭാവിതലമുറയെ സംഗീതാസ്വാദനത്തിൽ തൽപ്പരരാക്കാൻ വേണ്ടതു ചെയ്യുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: വളരെ സാമ്പത്തികമായ ബാധ്യതയുള്ള ഒരു കാര്യമാണത്. പെട്ടെന്ന് ഇവിടെവച്ച് മറുപടി പറയാൻ സാധിക്കുകയില്ല.

ശ്രീ. ഇ. കെ. പിള്ള: കാളിഫിക്കേഷന്റെ കാര്യത്തിൽ ഗവൺമെന്റ് സ്ക്കൂളുകളിലും പ്രൈവറ്റ് സ്ക്കൂളുകളിലും വ്യത്യസ്തമായ സമീപനമാണോ സ്വീകരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ചില കാളിഫിക്കേഷന്റെ കാര്യത്തിൽ ഉണ്ട്, പക്ഷേ സംഗീതത്തിന്റെ കാര്യത്തിൽ ഇല്ല.

ശ്രീ. പി. ശങ്കർ: സരസ്വതിയുടെ സ്തനദ്വയങ്ങളിലൊന്നാണ് സംഗീതം എന്നാണ് പുരാതനകവികളുടെ സങ്കൽപ്പം. അത്രയും ഉന്നത സ്ഥാനമുള്ള ഈ സംഗീതം പഠിപ്പിക്കുന്നതിന് എം.ജി.ടി. പാസായവരെ നിയമിക്കുന്നതു ശരിയാണോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: സ്തനവും ഇതുമായി യാതൊരു ബന്ധവുമില്ല. എം.ജി.ടി. വിദ്യാലയങ്ങളിലുള്ള കാളിഫിക്കേഷനായി സ്വീകരിച്ചിട്ടില്ല. അതിനു നമ്മുടെ സ്റ്റേറ്റിൽത്തന്നെ പരിപാടികളുണ്ട്. അതിനുപുറമേ മദ്രാസിലുള്ള വേറെ ചില കാളിഫിക്കേഷൻസും അംഗീകരിച്ചിട്ടുണ്ട്. എം.ജി.ടി. അംഗീകരിക്കുന്നില്ല.

ശ്രീ. എം.കെ. കേശവൻ: ഏതെല്ലാം ക്ലാസിലുള്ള കുട്ടികളെയാണ് സംഗീതം അഭ്യസിപ്പിക്കുന്നത്?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: എല്ലാ ക്ലാസിലുള്ള കുട്ടികളെയും സംഗീതം അഭ്യസിപ്പിക്കുന്നുണ്ട്.

ശ്രീ. എം.കെ. കേശവൻ: സംഗീതം ഐച്ഛികവിഷയമായെടുത്ത് ഉന്നതബിരുദം നേടാൻ അവസരമുള്ളപ്പോൾ കൊച്ചുകുട്ടികളെ 'സരിഗമപതനി' പഠിപ്പിക്കാൻ ഇന്നത്തെ ഗാനഭൂഷണം പാസായ ആളുകൾ മതി എന്നാണോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: അവർക്കു സാധിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. കെ.പി. നൂറുദ്ദീൻ: സർ, ഈ എം.ജി.ടി. ഹയർ പാസ്സായ ആളുകളെ ഹൈസ്ക്കൂളുകളിൽ നിയമിക്കാൻ വിഷമം ഉണ്ടെന്നു ഗവൺമെന്റു പറഞ്ഞു. എം.ജി.ടി. പാസ്സായ ഒരുപാട് ആളുകൾ ഉണ്ടെന്നു പരിഗണിച്ച് അവർക്ക് ഒട്ടെങ്കിലും ആശ്വാസം കൊടുക്കത്തക്ക നടപടി എന്ന നിലയിൽ അവരെക്കൂടി നിയമിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: എം.ജി.ടി. പാസായ ആളുകളെ നിയമിക്കുകയില്ലെന്നു പറഞ്ഞിട്ടില്ല.

A degree in Music from Kerala University; A pass in S.S.L.C. Examination or equivalent by the Commissioner for Government Examinations and a pass in Gana Praveena—Gana Bhushana—Music Senior Certificate—Vocal Music (Vidwan) Examination conducted by the Madras Government. ഈ യോഗ്യതകളാണ് ഹൈസ്ക്കൂൾ ക്ലാസുകളിൽ മ്യൂസിക് ടീച്ചേഴ്സായി നിയമിക്കുന്നതിന് ഗവൺമെന്റു അംഗീകരിച്ചിട്ടുള്ളത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: തൃപ്പൂണിത്തുറ, പാലക്കാട്, തിരുവനന്തപുരം എന്നീ മ്യൂസിക് അക്കാഡമികളിൽ പഠിക്കുന്ന 350 വിദ്യാർത്ഥികളിൽ ഒരു വിദ്യാർത്ഥി ഒഴിച്ച് ബാക്കി എല്ലാപേരും പരീക്ഷ ബഹിഷ്ക്കരിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവർ പരീക്ഷ ബഹിഷ്ക്കരിച്ച കാരണത്തിന് പരിഹാരം കാണാൻ ഗവൺമെന്റു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: പരീക്ഷ ബഹിഷ്ക്കരണത്തെ സംബന്ധിച്ച ചോദ്യമല്ല ഇത്. കാളിഫിക്കേഷൻ അംഗീകരിക്കുന്നതിനെ സംബന്ധിച്ച ചോദ്യമാണ്.

(720, 721 എന്നീ ചോദ്യങ്ങൾ ചോദിച്ചില്ല)

കായികാദ്ധ്യാപക സംഘടനയുടെ മെമ്മോറാണ്ടം

* 662 [722] ശ്രീ. പി.പി.വി. മൂസ:

,, കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംയുക്ത കായികാദ്ധ്യാപക സംഘടനയിൽ നിന്ന് ഗവൺമെൻറിന് മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, അതിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങളെന്തെല്ലാമായിരുന്നു;

(സി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) 1. കായികാദ്ധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുക.

2. ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്ത സ്കെയിൽ നടപ്പാക്കുക.

3. വിദ്യാർത്ഥികളുടെ എണ്ണത്തിൻറെ അടിസ്ഥാനത്തിൽ യു.പി. സ്കൂളിലും ഹൈസ്ക്കൂളിലും ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരെ നിയമിക്കുക.

4. കേരളത്തിൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ പുനരാരംഭിക്കുക.

5. കായിക നിലവാരത്തിലുള്ള കഴിവിൻറെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കു ഗ്രേസ് മാർക്ക് അനുവദിക്കുക.

(സി) 1. പരിഗണിച്ചുവരുന്നു.
2. നടപ്പിലാക്കിക്കഴിഞ്ഞു.
3. ചട്ടപ്രകാരം നിയമിക്കുന്നുണ്ട്.
4. ഒരെണ്ണം പുനരാരംഭിക്കുവാൻ ഉത്തരവായി.
5. ഉത്തരവു നൽകിയിട്ടുണ്ട്.

ശ്രീ. കെ. പി. രാമൻ: സർ, അവരുടെ സംഘടനകൾക്ക് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു പരിഗണിച്ചുവരുന്നു എന്നു പറഞ്ഞു.

ശ്രീ. ടി. എം. ജേക്കബ്: സർ, കേരളത്തിൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ ആരംഭിക്കാൻ ഉള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്നാണ് മന്ത്രി ഇവിടെ പറഞ്ഞതിൽനിന്നും മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly